# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1701 | 16.03.2015-ൽ മറുപടിക്ക് |

### ശിശു സംരക്ഷണ പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.സി.പി.മുഹമ്മദ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ശിശു സംരക്ഷണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതി 2009 മുതൽ നടപ്പിലാക്കി വരുന്നു. 2014 മേയ് മാസം മുതൽ സംസ്ഥാനതല ശിശുസംരക്ഷണ യൂണിറ്റും ഒക്ടോബർ മാസം മുതൽ എല്ലാ ജില്ലകളിലും ജില്ലാതല ശിശുസംരക്ഷണ യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | വിവിധ ശിശുസംരക്ഷണ പദ്ധതികൾ ഒരു കുടക്കീഴിൽ വരത്തക്കവണ്ണം സംയോജിപ്പിച്ചാണ് സംയോജിത ശിശു സംരക്ഷണ പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ബാലനീതി സേവനങ്ങൾ ഉറപ്പാക്കുക, കുടുംബതലത്തിലും സമൂഹതലത്തിലുമുള്ള ശിശു സംരക്ഷണ പ്രവർത്തനങ്ങൾക്ക് ശക്തി പകരുക, 2000-ലെ ബാലനീതി നിയമത്തിന്റെ പരിധിയിൽ വരുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്നിവരുടെ പരിപാലനം, സുരക്ഷ, പുനരധിവാസം എന്നിവ ഉറപ്പാക്കുക, കുട്ടികളുടെ അവകാശങ്ങളെപ്പറ്റിയും ശിശു സംരക്ഷണത്തെപ്പറ്റിയുമുള്ള സാമൂഹ്യ അവബോധം വർദ്ധിപ്പിക്കുക എന്നിവയാണ്. |
| (സി) | കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗിക അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി സാമൂഹിക തലത്തിൽ പ്രചാരണ-ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ലൈംഗികാതിക്രമങ്ങൾ പ്രതിരോധിക്കുവാനുള്ള ആന്തരിക ശേഷി കുട്ടികളിൽ വളർത്തുവാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തിരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ജില്ലാതല ബോധവൽക്കരണ പരിപാടികൾ സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012-നെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | പ്രചാരണ പ്രവർത്തനങ്ങൾ, അദ്ധ്യാപകരുടെ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ്, പരിശീലകരുടെ കൈപുസ്തകം, ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനുള്ള പരിപാടികൾ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ കുമളിയിൽ മാതാപിതാക്കളുടെ ക്രൂരപീഡനത്തിനിരയായ കുട്ടിയുടെ എല്ലാ ചികിത്സാ ചെലവുകളും ഈ പദ്ധതി പ്രകാരം സർക്കാർ വഹിച്ചു വരുന്നു. Committee on Child Rights Violations of Vulnerable Children റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം പീഡനത്തിനിരയാകുന്ന കുട്ടികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും 20,000/- രൂപ കരുതൽ തുകയായി അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പെരുന്തൽമണ്ണയ്ക്കടുത്ത് രണ്ടാനച്ഛന്റെ ക്രൂരമർദ്ദനത്തെ തുടർന്ന് തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ കുട്ടിക്ക് അടിയന്തിര ചികിത്സാ ചെലവുകൾ ഈ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തന്നെ പിതാവ് തിളച്ച എണ്ണ ഒഴിച്ച് പരിക്കേൽപ്പിച്ചതിനെ തുടർന്ന് കോഴിക്കോട് കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ പ്രവേശിപ്പിച്ച കുട്ടിക്ക് അടിയന്തിര ചികിത്സാ സഹായമായി 99,703/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ